**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വയനാട് ജില്ലാ പഞ്ചായത്ത് - പത്തിൽകുന്ന് ജലസേചന പദ്ധതി, പുലിക്കാട് കുറുമപ്പാടി ശുദ്ധജലവിതരണ പദ്ധതി എന്നിവയുടെ വൈദ്യുതി ചാർജ് കുടിശിക അടവാക്കിയ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. **1770**/2012/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 27.06.2012.

---

പരാമർശം:- വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 06.06.2012-ലെ ഡി.പി 10/2432/11 നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് ജില്ലാ പഞ്ചായത്ത് 1997-98 വർഷത്തിൽ എടവക ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ പത്തിൽകുന്ന് ജലസേചന പദ്ധതിയുടെ വൈദ്യുതി ചാർജ് കുടിശികയായ 14,583/- (പതിനാലായിരത്തി അഞ്ഞൂറ്റി എൺപത്തി മൂന്ന് രൂപ മാത്രം) രൂപയും 1999-2000 വർഷത്തിൽ എടവക ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ പുലിക്കാട് കുറുമപ്പാടി ശുദ്ധജല പദ്ധതിയുടെ വൈദ്യുതി ചാർജ് കുടിശികയായ 69,222/- രൂപയും (അറുപത്തി ഒൻപതിനായിരത്തി ഇരുന്നൂറ്റി ഇരുപത്തി രണ്ട് രൂപ മാത്രം) റവന്യൂ റിക്കവറി ആയ സാഹചര്യത്തിൽ ടി തുകകൾ ടി ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിച്ച നടപടിയ്ക്ക് സാധൂകരണം നൽകമെന്ന് മേൽ പരാമർശ പ്രകാരം വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എടവക ഗ്രാമ പഞ്ചായത്തിലെ പത്തിൽകുന്ന് ജലസേചന പദ്ധതിയുടെ വൈദ്യുതി ചാർജ് കുടിശികയായ 14,583/- (പതിനാലായിരത്തി അഞ്ഞൂറ്റി എൺപത്തി മൂന്ന് രൂപ മാത്രം) പുലിക്കാട് കുറുമപ്പാടി ശുദ്ധജല പദ്ധതിയുടെ വൈദ്യുതി ചാർജ് കുടിശികയായ 69,222/- രൂപയും (അറുപത്തി ഒൻപതിനായിരത്തി ഇരുന്നൂറ്റി ഇരുപത്തി രണ്ട് രൂപ മാത്രം) ടി ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അടച്ച നടപടിയ്ക്ക് ; ടി പദ്ധതികൾ പ്രവർത്തനക്ഷമമാക്കി ടി പദ്ധതികളുടെ ഉടമസ്ഥതയും പരിപാലനവും

ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിനെ ഏല്പിക്കേണ്ടതാണ് എന്ന നിബന്ധനയിൻകീഴിൽ സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

എസ്.വേണുഗോപാലൻ നായർ,
അണ്ടർ സെക്രട്ടറി.

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, വയനാട്.
പ്രസിഡന്റ് / സെക്രട്ടറി, എടവക ഗ്രാമ പഞ്ചായത്ത്.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ആഫീസർ, കോഴിക്കോട് റീജിയൺ, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ് / എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ.